**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1073.** **01.03.2017 ന് മറുപടിയ്ക്ക്**

## കിളിമാന്നൂർ എക്സൈസ് ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കിളിമാന്നൂർ എക്സൈസ് ഓഫീസ് നിർമ്മാണത്തിന് തദ്ദേശ സ്ഥാപനം സ്ഥലം ലഭ്യമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) | കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതിചെയ്യുന്ന കിളിമാനൂർ വില്ലേജിലെ ബ്ലോക്ക് 31, റീ സർവ്വേ 304/12-ൽ ഉൾപ്പെട്ട പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3.90 ആർ സ്ഥലം വിട്ടുനൽകാമെന്ന് പഞ്ചായത്ത് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഭൂമി എക്സൈസ് വകുപ്പിന് അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നടുന്നു വരുന്നു. ഭൂമി എക്സൈസ് വകുപ്പിന് ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ദേശീയ പാതയോരത്തെ മദ്യവിൽപ്പന കേന്ദ്രങ്ങൾ മാറ്റുന്നതിന്റെ ഭാഗമായി ബെവ്കോ, കൺസ്യൂമർഫെഡ് എന്നിവയുടെ എത്ര ഔട്ട് ലെറ്റുകൾ തിരുവനന്തപുരം ജില്ലയിൽ മാറ്റി സ്ഥാപിക്കണമെന്നും എത്ര എണ്ണം മാറ്റിയെന്നും വ്യക്തമാക്കാമോ; | (ബി) | ദേശീയ പാതയോരത്തെ മദ്യവിൽപ്പന കേന്ദ്രങ്ങൾ മാറ്റുന്നതിന്റെ ഭാഗമായി ബെവ്കോയുടെയും കൺസ്യൂമർ ഫെഡിന്റേയും 28 മദ്യഷോപ്പുകൾ മാറ്റേണ്ടിവരും. 2 ബെവ്കോ ഔട്ടലെറ്റുകൾ തിരുവനന്തപുരം ജില്ലയിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം നിലയ്ക്കാമുക്കിൽ ജനവാസ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ബിവറേജസ് ഔട്ട് ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തായി എന്ന് വ്യക്തമാക്കാമോ; പകരം സ്ഥലം ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം നിലയ്ക്കാമുക്കിൽ ജനവാസകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ബിവറേജസ് ഔട്ട്ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് പ്രസ്തുത ഔട്ടലെറ്റിന്റെ എല്ലുക പുനക്രമീകരിച്ച് 18.2.2017 ലെ ജി.ഒ.(പി) 9/2017/നി.വ. പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**